# CAREER Updates
# പത്രവൃത്താന്തം

30.06.2024
(ഞായർ)



⇨ 2024-ലെ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് കിരീടം സ്വന്തമാക്കിയത്

✔ ഇന്ത്യ

- ഇന്ത്യയുടെ രണ്ടാമത് ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് കിരീടമാണ് രോഹിത് ശർമയുടെ നേതൃത്വത്തിൽ 2024-ൽ സ്വന്തമാക്കിയത്. 2007-ൽ എം.എസ്. ധോണിയുടെ നേതൃത്വത്തിലാണ് ഇന്ത്യ ആദ്യ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് കിരീടം നേടിയത്.
- ഫൈനലിൽ ദക്ഷിണാഫ്രിക്കയെ 7 റൺസിന് പരാജയപ്പെടുത്തിയാണ് ഇന്ത്യയുടെ കിരീടനേട്ടം. ഫൈനൽ മത്സരത്തിൽ 59 ബോളിൽ നിന്ന് 76 റൺസ് നേടിയ വിരാട് കോലിയാണ് പ്ലെയർ ഓഫ് ദ മാച്ച് ആയി തിരഞ്ഞെടുക്കപ്പെട്ടത്. ഇന്ത്യൻ ബൗളർ ജസ്പ്രീത് ബുംറ പ്ലെയർ ഓഫ് ദ സീരീസ് ആയി തിരഞ്ഞെടുക്കപ്പെട്ടു.
- 2024-ലെ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് കിരീടം നേടിയ ഇന്ത്യൻ ടീമിന്റെ കോച്ച് രാഹുൽ ദ്രാവിഡ് ആണ്. ലോകകപ്പ് കിരീടനേട്ടത്തിന് പിന്നാലെ രാജ്യാന്തര ട്വന്റി-20 ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച ഇന്ത്യൻ താരങ്ങളാണ് രോഹിത് ശർമ, വിരാട് കോലി എന്നിവർ.

⇨ 2024 ജൂണിൽ വനിതാ ടെസ്റ്റ് ക്രിക്കറ്റ് ചരിത്രത്തിലെ ഏറ്റവും ഉയർന്ന സ്കോർ നേടി റെക്കോഡിട്ട ടീം

✔ ഇന്ത്യ

- ദക്ഷിണാഫ്രിക്കയ്ക്കെതിരെ 603 റൺസ് നേടിയാണ് ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം ചരിത്ര നേട്ടം സ്വന്തമാക്കിയത്.

⇨ അനധികൃതമായി ആന്റിബയോട്ടിക് മരുന്നുകൾ വിപണിയിലെത്തുന്നത് തടയുക എന്ന ലക്ഷ്യത്തോടെ ഡ്രഗ് കൺട്രോൾ വകുപ്പ് നടത്തിയ പരിശോധന

✔ ഓപ്പറേഷൻ ഡബിൾ ചെക്ക്

⇨ പതിനെട്ടാം ലോക്സഭയിലെ സി.പി.എം. കക്ഷി നേതാവായി തിരഞ്ഞെടുക്കപ്പെട്ട മലയാളി

✔ കെ. രാധാകൃഷ്ണൻ

⇨ ഇന്ത്യൻ പ്രതിരോധ സേനയുടെ കരുത്ത് വർദ്ധിപ്പിച്ചുകൊണ്ട് അടുത്തിടെ നാവികസേനയുടെ ഭാഗമായി മാറിയ, ഡി.ആർ.ഡി.ഒ. വികസിപ്പിച്ച റോക്കറ്റുകൾ

✔ ചാഫ് റോക്കറ്റുകൾ

⇨ നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡ്സ് പ്രകാരം ഇന്ത്യയിലെ മികച്ച കുടുംബാരോഗ്യകേന്ദ്രമായി തിരഞ്ഞെടുക്കപ്പെട്ടത്

✔ മലപ്പുറം കോട്ടയ്ക്കൽ കുടുംബാരോഗ്യകേന്ദ്രം

⇨ ഹോട്ടൽ, റസ്റ്റോറന്റ് മേഖലയിൽ കേരള ജി.എസ്.ടി. വകുപ്പ് അടുത്തിടെ നടത്തിയ മിന്നൽ പരിശോധനയ്ക്ക് നൽകപ്പെട്ട പേര്

✔ ഓപ്പറേഷ് ഫാനം

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999